## പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 405     29.06. 2016 ൽ മറുപടിക്ക്

### മീറ്റർ റീഡർമാരുടെ ഒഴിവുകൾ

**ചോദ്യം**     **ഉത്തരം**

ശ്രീ. എം.രാജഗോപാലൻ     ശ്രീ.കടകംപള്ളി സുരേന്ദ്രൻ

(വൈദ്യുതിയും ദേവസ്വവും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) കെ.എസ്.ഇ.ബി-യിൽ നിലവിലുള്ള മീറ്റർ റീഡർമാരുടെ തസ്തികകളുടെ എണ്ണം എത്രയാണ്;<br>(ബി) ഒഴിവുകളുടെ എണ്ണം ഡിവിഷൻ തിരിച്ച് അറിയിക്കുമോ ;<br>(സി) സ്ഥിരം ജീവനക്കാരുടെ എണ്ണം എത്രയാണ്<br>(ഡി) ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ: വിശദാംശ-ങ്ങൾ അറിയിക്കാമോ ; | (എ), (ബി),(സി) & (ഡി) കെ.എസ്.ഇ.ബിയിൽ മീറ്റർ റീഡർ തസ്തികയിൽ 855 സ്ഥിരം ജീവനക്കാരുണ്ട്. കെ.എസ്.ഇ.ബി-യിൽ എത്ര തസ്തികകളാണ് ആവശ്യമെന്നത് സംബന്ധിച്ച് കോഴിക്കോട് ഐ.ഐ.എം.(IIM-K) പഠനം നടത്തി റിപ്പോർട്ട് നൽകിയിട്ടുണ്ട്. പഠന റിപ്പോർട്ട് ബോർഡ് തലത്തിൽ പഠിക്കുകയും വിശകലനം ചെയ്യുകയും ചെയ്ത ശേഷം മാത്രമേ മീറ്റർ റീഡർ തസ്തികയിൽ ആവശ്യമായ എണ്ണവും, ഒഴിവുകളും എത്രയാണെന്ന് തിട്ടപ്പെടുത്താൻ കഴിയുകയുള്ളൂ. |
| (ഇ) കെ.എസ്.ഇ.ബി മീറ്റർ റീഡർമാരുടെ തസ്തികയെക്കുറിച്ച് പഠനം നടത്തുന്നതിന് വേണ്ടി ചുമതലപ്പെടുത്തിയ ഐ.ഐ.എം കോഴിക്കോട് റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ടോ;<br>(എഫ്) ഉണ്ടെങ്കിൽ ഇതിന്റെ പകർപ്പ് ലഭ്യ- മാക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ;<br>(ജി) പഠന റിപ്പോർട്ട് തയ്യാറാ-ക്കിയില്ലെങ്കിൽ കാലതാമസം ഉണ്ടാകുന്നതിന്റെ കാരണം എന്താണ്; എന്നത്തേയ്ക്ക് റിപ്പോർട്ട് സമർപ്പിക്കും എന്നാണ് പ്രതീക്ഷിക്കുന്നത് ? | (ഇ) , (എഫ്)&(ജി) ഉണ്ട്. റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ